**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1590** **19-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് വിതരണം ചെയ്ത പട്ടയങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം ജില്ല തിരിച്ച് അറിയിക്കാമോ; | (എ) | (see table below) |
| (ബി) | പട്ടയ വിതരണത്തിന് തടസ്സമായിട്ടുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും പട്ടയം വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന തല പട്ടയം മിഷനുമായി ബന്ധപ്പെട്ട് എല്ലാ നിയോജകമണ്ഡലങ്ങളിലും MLA യുടെ അധ്യക്ഷതയിൽ മണ്ഡലത്തിലെ മുഴുവൻ ജന പ്രതിനിധികളെയും പങ്കെടുക്കുന്ന പട്ടയ അസ്സംബ്ലികൾ ചേർന്ന് മണ്ഡലത്തിൽ പട്ടയം ലഭ്യമാകേണ്ടവരുടെ ലിസ്റ്റും അപേക്ഷകളും തയ്യാറാക്കും. പരിഹരിക്കപ്പെടാനുള്ള പട്ടയ |

| ക്രമ നം. | ജില്ല | 2016 മുതൽ 2025 വരെ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 8756 |
| 2 | കൊല്ലം | 7917 |
| 3 | ആലപ്പുഴ | 2889 |
| 4 | പത്തനംതിട്ട | 3524 |
| 5 | ഇടുക്കി | 56458 |
| 6 | കോട്ടയം | 4767 |
| 7 | എറണാകുളം | 16010 |
| 8 | തൃശ്ശൂർ | 77104 |
| 9 | പാലക്കാട് | 71755 |
| 10 | മലപ്പുറം | 66365 |
| 11 | കോഴിക്കോട് | 33589 |
| 12 | കണ്ണൂർ | 28988 |
| 13 | വയനാട് | 7683 |
| 14 | കാസറഗോഡ് | 15151 |
| | ആകെ | **4,00,956** |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പട്ടയം ഡാഷ് ബോർഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതാണ്.<br><br>ആയതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ജില്ലാതലത്തിൽ വിലയിരുത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനുമായി ജില്ലാതല ദൗത്യസംഘത്തെ നിയോഗിച്ചിട്ടുണ്ട്. ദൗത്യസംഘത്തിന്റെ യോഗം കൃത്യമായി ചേർന്ന് ഭൂമിപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും നിയമപരമായി ജില്ലാതലത്തിൽ പരിഹരിക്കാവുന്ന വിഷയങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനതലത്തിൽ സർക്കാർ പരിഹരിക്കേണ്ടത് കണ്ടെത്തി ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പട്ടയം ഡാഷ്ബോർഡിൽ നിയമപ്രശ്നങ്ങൾ മൂലം പട്ടയം അനുവദിക്കാൻ സാധിക്കാത്ത മുഴുവൻ ഭൂമിപ്രശ്നങ്ങളും ബഹു നിയമസഭാ സാമാജികരുടെ അദ്ധ്യക്ഷതയിൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ പട്ടയഅസംബ്ലികൾ സംഘടിപ്പിച്ചും വില്ലേജ്തല ജനകീയ സമിതികൾ മുഖാന്തിരവും വിവിധ മേഖലകളിലെ മറ്റു ഭൂമിപ്രശ്നങ്ങൾ പരിശോധിച്ചു ഡാഷ്ബോഡിൽ ഉൾപ്പെടുത്തി പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ ജില്ലാതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്.അർഹമായ കേസുകൾ സർക്കാരിന്റെ പ്രത്യേക പരിഗണനയ്ക്കായി ശിപാർശ തയ്യാറാക്കി സമർപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയ്ക്ക് പട്ടയം അനുവദിയ്ക്കുന്നതിന് അതാത് വകുപ്പുമായി ചർച്ച ചെയ്ത് പ്രസ്തുത വകുപ്പിന്റെ NOC പ്രകാരവും നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | എവിടെയെല്ലാമാണ് കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയ വിതരണം തടസ്സപ്പെട്ടിട്ടുള്ളതെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ജില്ല തിരിച്ച് വിശദാംശം നൽകാമോ? | (സി) | കൊല്ലം ,ആലപ്പുഴ, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്,കണ്ണൂർ,കാസറഗോഡ് എന്നീ ജില്ലകളിൽ **കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയ വിതരണം തടസ്സപ്പെട്ടിട്ടുള്ളതാണ്.വിശദവിവരം ചുവടെ ചേർക്കുന്നു.**<br><br>**കൊല്ലം**<br><br>കൊല്ലം താലൂക്കിൽ ചിറയ്ക്കര വില്ലേജിൽ bought in land ആയി ഏറ്റെടുത്ത ഭൂമിയിൽ Zero landless പദ്ധതിപ്രകാരം 25 ഗുണഭോക്താക്കൾക്ക് പട്ടയം നൽകിയിരുന്നു എങ്കിലും |

bought in land ഭൂമി ഉടമ ബഹു ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനെതുടർന്ന് പട്ടയം നൽകിയ ഗുണഭോക്താക്കൾക്ക് ടി ഭൂമി Occupy ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. കൂടാതെ ശേഷിക്കുന്ന ഭൂമി വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യവുമാണുള്ളതെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ആലപ്പുഴ**

ആലപ്പുഴ ജില്ലയിലെ കോമളപുരം വില്ലേജിൽ തോട് പുറമ്പോക്ക് ഭൂമി പതിച്ച് നൽകുന്നത് കോടതി വ്യവഹാരം മൂലം തടസ്സപ്പെട്ടിട്ടുള്ളതാണ്.

**ഇടുക്കി**

1) മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് One Earth One life എന്ന സംഘടന ബഹു. കേരളാ ഹൈക്കോടതിയിൽ ഫയൽചെയ്ത WPC 1801/2010 നമ്പർ കേസിൽ 10.01.2024 ൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആയതിൽ "We are of the view that notice has to be issued to the State as to the validity of provisions under Rule 5 and 7 of the Kerala Land Assignment Rules, 1964 conferring power to assign patta to the holder of the land who claims such lands by way of encroachment. That means, those who have no traceable title or interest in the land either through a lease or through such other authority conferred upon them, they will have to be treated as encroachers. We, in such circumstances, are of the view that the Chief Secretary to Government will answer upon the validity of the above Rules. We, in the peculiar circumstances, direct the District Collector, Idukki or any authority conferred with power to issue patta, not to issue any patta to any person who have no semblance of interest by way of lease or through such other instrument issued by the competent authority till further decision is taken in this matter." എന്ന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട് . നിലവിൽ ടി വിധിന്യായം പ്രകാരം ഇടുക്കി ജില്ലയിൽ 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള (Occupied land) പട്ടയങ്ങൾ വിതരണം ചെയ്യുന്നത് തടസ്സം നേരിട്ടിരിക്കുന്നു.

(2) ബഹു. സുപ്രീം കോടതിയിലെ 202/1995 (ടി.എൻ ഗോദവർമ്മൻ തിരുമുൽപാട് VS യൂണിയൻ ഓഫ് ഇൻഡ്യാ & അദേഴ്സ്) നമ്പർ കേസിലെ 24.10.2024 ലെ ഉത്തരവ് പ്രകാരം "Until further orders, we direct that the State

of Kerala shall not allot any fresh patta for cardamom cultivation nor shall it permit further land from the area notified as CHR to be converted for commercial exploitation" എന്ന് ഉത്തരവായിട്ടുള്ളതാണ്. ബഹു. കോടതി ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിൽ കാർഡമം ഹിൽ റിസർവ്വ് ഏരിയായിൽ പുതിയ പട്ടയങ്ങൾ അനുവദിക്കുന്നത് തടസ്സപ്പെട്ടിരിക്കുകയാണ്.

**കോട്ടയം**

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്ത് പഴയ സർവ്വേ 111/1 ൽപ്പെട്ടതും ആലപ്ര, പൊന്തൻപുഴ വളകോടി ചതുപ്പ് ഹരിജൻ കോളനി, നെട്ടംപുറം ചതുപ്പ് ഹരിജൻ കോളനി, പുളിക്കൻപാറ അംബേദ്കർ കോളനി, വഞ്ചികപ്പാറ എന്നീ പ്രദേശങ്ങളിലെ 1947 ന് മുൻപ് തന്നെ കർഷകരുടെ കൈവശത്തിലിരുന്നതുമായ റീസർവ്വേ രേഖകളിൽ സർക്കാർ വനം എന്ന് രേഖപ്പെടുത്തിയിരിക്കുന്ന 95.3215 ഹെക്ടർ സ്ഥലം പതിച്ച നൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C) 015337 - 015338/2019 നമ്പർ കേസ്സ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലിരിക്കുന്നതും നിലവിൽ തൽസ്ഥിതി തുടരുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതുമാണ്.

**തൃശ്ശൂർ** തൃശ്ശൂർ ജില്ല, തലപ്പിള്ളി താലൂക്ക്, വടക്കാഞ്ചേരി, പാർളിക്കാട് വില്ലേജുകളിലായി വടക്കേകളം പ്ലാന്റേഷന്റെ 73.73 ഏക്കർ ഭൂമി മിച്ചഭൂമിയായി ഏറ്റെടുത്ത് ഉത്തരവായിരുന്നു. പ്രസ്തുത ഭൂമിയിൽ നിന്നും സർക്കാർ നിർദേശപ്രകാരം 10 ഏക്കർ സഹകരണ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതിന് വേണ്ടി 07.05.2013 തീയതിയിൽ ലാൻഡ് ബോർഡിൽ നിന്ന് റിസർവ്വ് ചെയ്ത് ഉത്തരവായിട്ടുള്ളതും, അവശേഷിക്കുന്ന 63.73 ഏക്കർ 03.06.2013 തീയതിയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് നീക്കിവെച്ച് ലാൻഡ് ബോർഡിൽ നിന്ന് ഉത്തരവായിട്ടുള്ളതും പ്ലോട്ടുകൾ തിരിച്ചിരുന്നതുമാണ്. എന്നാൽ പ്രസ്തുത ലാൻഡ് ബോർഡ് ഉത്തരവിനെതിരെ CRP LR 44/2013കേസ് ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാലും, കേസിൽ ഭൂമി പതിവ് നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതിനാലും ഭൂമി ഭൂരഹിതർക്ക് പതിച്ച കൊടുക്കാൻ സാധിച്ചിട്ടില്ലാത്തതാണ്. കേസിൽ സർക്കാരിനുവേണ്ടി എതിർ സത്യവാങ്മൂലം ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ബഹു. കോടതിയുടെ നിരോധന ഉത്തരവ് നീക്കി കിട്ടുന്നതിനും കേസ് എത്രയും വേഗം തീർപ്പാക്കി കിട്ടുന്നതിനും നടപടി സ്വീകരിക്കണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അഡ്വ. ജനറൽ ഓഫീസിലെ

സീനിയർ ഗവ. പ്ലീഡറുമായി കൂടികാഴ്ച നടത്തിയിരുന്നതും Early posting Petition ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നതും 30.10.2024 തിയതി വരെ കേസിൽ വിചാരണ നടന്നിട്ടുള്ളതുമാണ്. ടി കോടതി കേസുമായി ബന്ധപ്പെട്ട് Advocate General ഓഫീസുമായി നിരന്തരം ബന്ധപ്പെട്ടുവരുന്നതും കേസ് എത്രയും വേഗം തീർപ്പാക്കി കിട്ടുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് എല്ലാ നടപടികളും വകുപ്പിന്റെ ഭാഗത്തുനിന്ന് എല്ലാ നടപടികളും ഇതിനോടകം സ്വീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ കഴിഞ്ഞ 12 വർഷമായി കേസിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ മിച്ചഭൂമിയായി ഏറ്റെടുത്ത ഭൂമി പതിച്ചു നൽകുന്നതിനോ സർക്കാർ ആവശ്യത്തിന് ഉപയോഗിക്കുന്നതിനോ സാധിക്കാത്തതാണ്. ബഹു. വടക്കാഞ്ചേരി എം.എൽ.എ. ഈ വിഷയം നിയമസഭയിൽ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും ലഭിച്ച നിർദേശപ്രകാരം സർക്കാർ അഭിഭാഷകനുമായി കൂടിക്കാഴ്ച നടത്തിയതിൻ്റെ അടിസ്ഥാനത്തിലാണ് വളരെ നാളുകൾക്ക് ശേഷം 30/10/2024 ന് വിചാരണ നിശ്ചയിച്ചത്. എന്നാൽ പിന്നീട് ഈ കേസ് വിചാരണയ്ക്കായി നിശ്ചയിച്ചിട്ടില്ലാത്തതാണ്.

**<u>പാലക്കാട്</u>**

പട്ടാമ്പി താലൂക്ക് നാഗലശ്ശേരി വില്ലേജിൽ ഉൾപ്പെട്ട ശ്രീ.അത്താണിക്കൽ കുഞ്ഞഹമ്മദ് ഹാജി എന്നവർ പേരിലുള്ള പട്ടാമ്പി താലൂക്ക് ലാൻഡ് ബോർഡിന്റെ 25-03-2019 തീയതിയിലെ എസ്.എം 1/2003 നമ്പർ മിച്ചഭൂമി കേസിലെ ഉത്തരവിനെതിരെ പ്രഖ്യാതാവിൻ്റെ മക്കളിലൊരാളായ ശ്രീമതി.നബീസ ഉമ്മ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച RP 888/21 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം ടി മിച്ചഭൂമി കേസിൻ്റെ തുടർ നടപടികൾക്ക് അടുത്ത പോസ്റ്റിംങ് തീയതിവരെ സ്റ്റേ നൽകികൊണ്ട് ഉത്തരവായിട്ടുള്ളതിനാൽ 299 ഗുണഭോക്താക്കൾക്ക് ഫോറം 18 നൽകുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാണ്.

**<u>വയനാട്</u>**

വയനാട് ജില്ലയിൽ, മാനന്തവാടി താലൂക്ക് പരിധിയിൽ പാരിസൺ എസ്റ്റേറ്റിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമി പതിച്ചുകൊടുക്കുന്നതിൽ കോടതി കേസ് നിലവിലുണ്ട്. തവിഞ്ഞാൽ വില്ലേജിൽ റി.സ.337 ൽ ഭൂമിയുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C) 22133/25 നം കേസ് വന്നിട്ടുള്ളതിനാൽ പ്രസ്തുത ഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള നടപടി തുടരാൻ സാധിച്ചിട്ടില്ല. സ്പെഷ്യൽ തഹസിൽദാർ ഭൂപരിഷ്കരണം മാനന്തവാടിയിൽ കോടതി വ്യവഹാരങ്ങളുള്ള പട്ടയ ഫയലുകളിൽ ആവശ്യമായ നിയമ നടപടി സ്വീകരിച്ച് വരുന്നു.

| | | | |
|---|---|---|---|
| | | | വൈത്തിരി താലൂക്ക് പരിധിയിൽ മിച്ചഭൂമി പട്ടയം ബഹു.ഹൈക്കോടതിയിൽ WP(C) 32553/2023 നം കേസ് നിലനിൽക്കുന്നതിനാൽ 100 ൽ അധികം പേർക്ക് പട്ടയം അനുവദിക്കാൻ സാധിച്ചിട്ടില്ലായെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**കണ്ണൂർ**<br><br>കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്കിലെ കറ്റൂർ വില്ലേജിൽ കോടതി വ്യവഹാരങ്ങളിൽ കുടുങ്ങി പട്ടയവിതരണം തടസ്സപ്പെട്ട കേസുകൾ ഉണ്ട്.<br><br>**കാസറഗോഡ്**<br><br>ചുരുക്കം വ്യക്തിഗത കേസുകൾ മാത്രമേ കോടതി വ്യവഹാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നുള്ളു. കോടതി വ്യവഹാരങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഇത്തരം കേസുകളിൽ പതിവ് നിയമ പ്രകാരവും അപേക്ഷകൻ അർഹതയും സർക്കാർ നിലപാടും കോടതിയെ ബോധ്യപ്പെടുത്തി പട്ടയ വിതരണത്തിന് നടപടി സ്വീകരിച്ച് വരുന്നതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ